പോലീസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

(82) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) പോലീസ് ഉദ്യോഗസ്ഥൻമാരുടെ സേവന-വേതന ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) വേതനഘടനയിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾക്കനുസരണമായി കാര്യക്ഷമത ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. ക്രൈം സ്റ്റോപ്പർ സംവിധാനം ഏർപ്പെടുത്തി.

2. പോലീസ് കൺട്രോൾ റൂമിന്റെയും ഫ്ളൈയിംഗ് സ്കാഡിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തി.

3. ക്രൈം മോണിറ്ററിംഗ് സംവിധാനം സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോയിൽ ഏർപ്പെടുത്തി.

4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ നഗരങ്ങളിൽ രാത്രി കാലങ്ങളിൽ "പാന്തർ പട്രോളിംഗ്", "റാപ്പിഡ് ആക്ഷൻ പട്രോളിംഗ്" എന്നിവ നടപ്പിലാക്കി.

5. തീവ്രവാദ പ്രവർത്തനം തടയുന്നതിനും ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനും വേണ്ടി കേരള റൈഫിൾസ് എന്ന പേരിൽ മൂന്ന് സായുധ സേനാ ബറ്റാലിയനുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

6. പോലീസ് ആസ്ഥാനത്ത് ഒരു 'പബ്ലിക് വിൻഡോ സെൽ' നിലവിൽ വരുത്തിയിട്ടുണ്ട്.

7. എഫ്.ഐ.ആർ.-ന്റെ പകർപ്പ് തപാൽമാർഗ്ഗം പരാതിക്കാർക്ക് ലഭിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

8. തിരുവനന്തപുരം സിറ്റിയിലെ അഞ്ചു പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റി.

9. നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലും ഹൈവേ പട്രോൾ സംവിധാനം ഏർപ്പെടുത്തി.

10. ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ട്രാഫിക് വാർഡൻമാരെ നിയമിച്ചിട്ടുണ്ട്.

11. പ്രീപെയ്ഡ് ആട്ടോറിക്ഷാ സംവിധാനവും 'ട്രാഫിക് പോലീസ് ഹെൽപ്ലൈൻ' സംവിധാനവും നടപ്പിലാക്കി.

12. ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ' ട്രെയിനിംഗ് സിസ്റ്റം, ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ എക്വിപ്മെന്റ്, പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

വെബ്സൈറ്റ്, മോഡസ് ഓപ്പറാൻഡി ബ്യൂറോ, ഇ-മെയിൽ സംവിധാനം എന്നിവ ഏർപ്പെടുത്തി.

13. 72 പോലീസ് സ്റ്റേഷനുകളിൽ ഹെഡ് കോൺസ്റ്റബിൾ/കോൺസ്റ്റബിൾമാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കി.

(ബി)&(സി) പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചു കൊണ്ട് 1998 നവംബർ മാസത്തിൽ സർക്കാർ ഉത്തരവാക്കിയിട്ടുണ്ട്. ഇതിനു പുറമേ ബറ്റാലിയനിലോ, ജില്ലാ സായുധ വിഭാഗത്തിലോ, ലോക്കൽ പോലീസിലോ ജോലി നോക്കുന്ന ഒരു പോലീസ് കോൺസ്റ്റബിൾ ഒരു പ്രൊമോഷൻ ടെസ്റ്റെങ്കിലും പാസ്സാകുകയും ആകെ പത്തുവർഷത്തെ സേവനം പൂർത്തിയാക്കുകയും ചെയ്താൽ ഹെഡ്കോൺസ്റ്റബിളിന്റെ ശമ്പള സ്കെയിലിൽ (4000-6090) ഹയർ ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഒരു ടെസ്റ്റും പാസ്സാകാത്ത 10 വർഷം സർവ്വീസു പൂർത്തിയാക്കിയ പോലീസുകാരന് 3350-5230/-രൂപ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് നൽകുന്നതാണ്. കൂടാതെ സബ്-ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിൽ 4600-3060 ത്തിൽ നിന്നും 5000-8150 ആയി ഉയർത്തിയിട്ടുണ്ട്. പോലീസ് സേനയുടെ പ്രത്യേക ജോലി സ്വഭാവം കണക്കിലെടുത്ത് നിലവിലുള്ള ദേശീയ അവധികൾക്ക് പുറമേ തിരുവോണം, ക്രിസ്മസ്, ബക്രീദ് എന്നീ അവധി ദിനങ്ങൾ കൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് നഗരത്തിലെ മയക്കുമരുന്ന് വിൽപ്പന

(86) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ബംഗ്ലാദേശിലെ ശാന്തിനഗർ കോളനി കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പനയും സാമൂഹ്യ വിരുദ്ധ പ്രവർത്തനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോളനിയിലുള്ളവരെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കണ്ടുപിടിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചുവന്നതായി പരാതി

(87) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly